LIBRARY ARCHIVES Kerala Legislative Assembly

മട്ടാഞ്ചേരി പാലത്തിൽ ടോൾ പിരിക്കാനുള്ള അനുവാദം

52 [604] ശ്രീ. വി. ബാലറാം:
,, എം. എ. ചന്ദ്രശേഖരൻ:
,, കെ. എ. ചന്ദ്രൻ:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടാഞ്ചേരി പാലം ഉൽഘാടനം ചെയ്ത തീയതി മുതൽ എത്ര കാലത്തേക്ക് അതിൽക്കൂടി കടന്നുപോകുന്ന വാഹനങ്ങളിൽ നിന്നും ടോൾ വാങ്ങുവാനാണ് അത് നിർമ്മിച്ച കരാറുകാരന് അനുവാദം കൊടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലാവധിക്കുമുമ്പ് ഇതിനുള്ള അവകാശം ഒഴിവാക്കി എടുക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും വ്യവസ്ഥ കരാറിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഇപ്പോൾ പ്രതിദിനം ടോൾ ഇനത്തിൽ എന്തുതുകവീതം പിരിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 13 വർഷം 9 മാസം.

(ബി) ഉണ്ട്. കരാർ വ്യവസ്ഥയിൽ വീഴ്ച വരുത്തിയാൽ ഏറ്റെടുക്കുന്ന ദിവസം വരെ ഈ പ്രോജക്ടിലെ കടബാദ്ധ്യത നൽകി ഏറ്റെടുക്കാവുന്നതാണ്.

(സി) ശരാശരി 1,11,500 രൂപ.

നാലുവരിപ്പാതയാക്കാൻ ഉദ്ദേശിക്കുന്ന ജംഗ്ഷനുകൾ

53 [605] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേയിൽ കൊട്ടിയത്തിനും പാരിപ്പള്ളിക്കും ഇടയിൽ ഏതെല്ലാം ജംഗ്ഷനുകൾ നാലുവരിപ്പാതയാക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ കല്ലുവാതുക്കൽ ജംഗ്ഷനും മൈലക്കാട് ജംഗ്ഷനും ഉടൻ നാലുവരിപ്പാതയാക്കാൻ ഉദ്ദേശ്യമുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) ദേശീയപാത 47-ൽപ്പെട്ട ജംഗ്ഷനുകൾ നാലുവരിപ്പാതയാക്കാനുള്ള പ്രത്യേക പദ്ധതികളൊന്നുമില്ല. എന്നാൽ കല്ലുവാതുക്കൽ ജംഗ്ഷനും മൈലക്കാട് ജംഗ്ഷനും ഉൾപ്പെടുന്ന പേർത്തല മുതൽ കളിയിക്കാവിള വരെയുള്ള എൻ. എച്ച്. 47-ന്റെ ഭാഗം നാലുവരിപ്പാതയാക്കി വികസിപ്പിക്കുന്നതിനുള്ള പ്രാരംഭ സർവ്വേകൾ തുടങ്ങിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പണി തുടങ്ങുന്നതാണ്.